**ശുചിത്വമിഷൻ**
**തദ്ദേശസ്വയംഭരണ വകുപ്പ്**
**കേരള സർക്കാർ**

19.02.2026

## പത്രക്കുറിപ്പ്

## ഗുരുവായൂരിനും കതിരൂരിനും ഒന്നാം സ്ഥാനം

തദ്ദേശ സ്ഥാപനങ്ങൾക്ക് ശുചിത്വഗ്രേഡിങ് പുരസ്കാരങ്ങൾ വിതരണം ചെയ്തു. ശുചിത്വ–മാലിന്യസംസ്കരണ രംഗത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഗ്രേഡിങ്ങിൽ മികച്ച പ്രകടനം കാഴ്ചവെച്ച തദ്ദേശ സ്ഥാപനങ്ങൾക്ക് സംസ്ഥാനതല പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു.

മുനിസിപ്പാലിറ്റി വിഭാഗത്തിൽ ഗുരുവായൂരും (സ്കോർ 91) ഗ്രാമപഞ്ചായത്ത് വിഭാഗത്തിൽ കണ്ണൂരിലെ കതിരൂർ ഗ്രാമ പഞ്ചായത്തും (90) ഒന്നാം സ്ഥാനം നേടി. ആകെ സ്കോറിൽ 75 ശതമാനം നേടിയ തദ്ദേശസ്ഥാപനങ്ങളെയാണ് സംസ്ഥാനതല പുരസ്കാരത്തിന് പരിഗണിച്ചത്.

മുനിസിപ്പാലിറ്റി വിഭാഗത്തിൽ കുന്നംകുളം മുനിസിപ്പാലിറ്റി രണ്ടാം സ്ഥാനവും (സ്കോർ: 80.0), ആന്തൂർ മുനിസിപ്പാലിറ്റി മൂന്നാം സ്ഥാനവും (സ്കോർ: 79.0) നേടി.

ഗ്രാമപഞ്ചായത്ത് വിഭാഗത്തിൽ കണ്ണൂരിലെ തന്നെ പെരളശ്ശേരി ഗ്രാമപഞ്ചായത്ത് രണ്ടാം സ്ഥാനവും (സ്കോർ: 81.0), തൃശ്ശൂർ ജില്ലയിലെ കൊടകര ഗ്രാമപഞ്ചായത്ത് മൂന്നാം സ്ഥാനവും (സ്കോർ: 80.0) നേടി.

കണ്ണൂരിൽ നടന്ന തദ്ദേശദിനാഘോഷത്തിൽ തദ്ദേശസ്വയംഭരണ, എക്സൈസ്, പാർലമെന്ററികാര്യ മന്ത്രി എം. ബി. രാജേഷ് പുരസ്കാരങ്ങൾ വിതരണം ചെയ്തു. മാലിന്യശേഖരണത്തിന്റെ കവറേജ്, അജൈവമാലിന്യ ശേഖരണ സംവിധാനങ്ങൾ, ജൈവമാലിന്യ ശേഖരണ സംവിധാനങ്ങൾ, ദ്രവ മാലിന്യ സംസ്കരണസംവിധാനങ്ങൾ, സാനിട്ടറി മാലിന്യശേഖരണം–സംസ്കരണം, ബോധവത്കരണ പ്രവർത്തനങ്ങൾ, പ്രൊജക്റ്റ് നിർവ്വഹണം, പൊതുസ്ഥലങ്ങളുടെ ശുചിത്വം തുടങ്ങി വിവിധ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഗ്രേഡിങ് നിർണ്ണയിച്ചത്.

തദ്ദേശ സ്ഥാപനങ്ങൾ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഫീൽഡ് സന്ദർശനം, ജില്ലാതല വിലയിരുത്തൽ എന്നിവയ്ക്കുശേഷം സംസ്ഥാന വിലയിരുത്തൽ സമിതിയുടെ അന്തിമ പരിശോധനയ്ക്ക് ശേഷമാണ് വിജയികളെ പ്രഖ്യാപിച്ചത്.

സംസ്ഥാനത്തെ ശുചിത്വ-മാലിന്യ സംസ്കരണ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന തദ്ദേശ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുക, ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുക, മറ്റു തദ്ദേശ സ്ഥാപനങ്ങൾക്ക് മാതൃക സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഗ്രേഡിങ് സംവിധാനവും പുരസ്കാരവും നടപ്പിലാക്കുന്നത്. ഇതോടൊപ്പം, സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അന്തിമ ഗ്രേഡിങ് പട്ടിക പ്രസിദ്ധീകരിക്കാൻ ശുചിത്വമിഷന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തിയാക്കുമെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ബിനു ഫ്രാൻസിസ് അറിയിച്ചു.